**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 783** **26-07-2021 - ൽ മറുപടിയ്ക്ക്**

**കൊല്ലം മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം നിയോജക മണ്ഡല പരിധിയിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി പ്രകാരം നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ എന്തെല്ലാമാണ്; അവയുടെ ഇപ്പോഴത്തെ സ്ഥിതി സഹിതം വിശദ വിവരം ലഭ്യമാക്കുമോ? | (എ) | കൊല്ലം നിയോജക മണ്ഡല പരിധിയിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി കിഫ്ബി ധനസഹായ ത്തോടെ 5 കോടി രൂപ, 3 കോടി രൂപ, 1 കോടി രൂപ എന്നിങ്ങനെ അനുവദിച്ച് ഭരണാനുമതി നൽകിയതും പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗ മിക്കുന്നതുമായ വിവിധ പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. കൈറ്റ് എസ്.പി.വി ആയി കൊല്ലം നിയോജകമണ്ഡലത്തിൽ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിപ്രകാരം, മികവിന്റെ കേന്ദ്രങ്ങളാ ക്കുന്ന പദ്ധതിയിലുൾപ്പെടുത്തി ജി.എച്ച്.എസ്.എസ് അഞ്ചാലുമൂട്-ന് 5 കോടി രൂപയും ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന പദ്ധതിയിലുൾപ്പെടുത്തി ജി.എച്ച്.എസ്.എസ് മങ്ങാട്, ജി.എച്ച്.എസ് പനയിൽ പെരിനാട് എന്നിവയ്ക്ക് 3 കോടി രൂപ വീതവും കിഫ്ബി ധനസഹായം അനുവദി ച്ചിരുന്നു. നിലവിൽ പ്രസ്തുത മൂന്ന് സ്കൂളുകളുടെയും നിർമാണ പ്രവർത്ത നങ്ങൾ പൂർത്തിയാക്കി സ്കൂൾ അധികൃതർക്ക് കൈമാറിയിട്ടുണ്ട്. 3 കോടി കിഫ്ബി പദ്ധതിയുൾപ്പെടുത്തിയ കൊല്ലം ഗവൺമെന്റ് മോഡൽ ബോയ്സ് എച്ച്.എസ്.എസിന്റെ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട ടി.കെ.ഡി.എം ഗവൺമെന്റ് എച്ച്.എസ്.എസ് ഉളിയകോവിൽ സ്കൂളിന്റെ നിർമ്മാണം ആരംഭിക്കുന്ന തിനുള്ള എഗ്രിമെന്റ് ഒപ്പ വച്ചിട്ടുണ്ട്. നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ